"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് -കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കുന്ന വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് (2024-25) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3019/2024/GAD തീയതി,തിരുവനന്തപുരം, 05-07-2024

---

പരാമർശം:- 1. മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 02/05/2024 ലെ 181/A2/2024/KSWCFC നമ്പർ കത്ത്.

2. 07.06.2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് (2024-25) നടപ്പു സാമ്പത്തിക വർഷം 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| നം | ഘടകം | | ഗുണഭോക്താക്കളുടെ എണ്ണം | സ്കോളർഷിപ്പ് തുക | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | **ഹൈസ്കൂൾ** | | 5646 | Rs. 2,500/- | 141.15 ലക്ഷം |
| 2 | **ഹയർസെക്കണ്ടറി** | | 6352 | Rs. 4,000/- | 254.08 ലക്ഷം |
| 3 | **ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ** | | 635 | Rs. 6,000/- | 38.10 ലക്ഷം |
| 4 | CA/CMA (ICWA)/CS | | 65 | Rs. 10,000/- | 6.5 ലക്ഷം |
| 5 | **ബിരുദം** | Non-**പ്രൊഫഷണൽ** | 6352 | Rs.6,000/- | 381.12 ലക്ഷം |
| | | **പ്രൊഫഷണൽ** | 2265 | Rs.8,000/- | 181.20 ലക്ഷം |

| | | | | | |
|---|---|---|---|---|---|
| 6 | ബിരുദാനന്തര ബിരുദം | Non-പ്രൊഫഷണൽ | 1060 | Rs. 10,000/- | 106 ലക്ഷം |
| | | പ്രൊഫഷണൽ | 160 | Rs. 16,000/- | 25.6ലക്ഷം |
| 7 | ദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾ(IIT, NIT, IIM etc) | | 57 | Rs. 50,000/- | 28.5 ലക്ഷം |
| 8 | ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | Ph.D | 7 | Rs. 25,000/- | 1.75 ലക്ഷം |
| 9 | പദ്ധതി നടത്തിപ്പ് | | അടങ്കൽ തുകയുടെ 3% | | 36 ലക്ഷം |
| | ആകെ | | 22599 | | 1200 ലക്ഷം |
| ഓരോ വിഭാഗത്തിലേയും ഗുണഭോക്താക്കളുടെ എണ്ണം ഭരണ സൗകര്യാർത്ഥം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും കാറ്റഗറിയിൽ ആവശ്യത്തിന് അപേക്ഷകരില്ലാത്ത പക്ഷം, ടി കാറ്റഗറിയിൽ മിച്ചം നിൽക്കുന്ന തുക, മറ്റ് വിഭാഗങ്ങളിൽ, ആവശ്യാനുസരണം, ഭരണാനുമതി ലഭിച്ച ആകെ തുക അധികരിക്കാത്ത വിധം വിനിയോഗിക്കാവുന്നതാണ്. | | | | | |

2. 07.06.2024 ന് ചേർന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും മുൻ വർഷത്തെ അതേ വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകുവാനും ശുപാർശ ചെയ്യുകയുമുണ്ടായി. ആയത് പ്രകാരം കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കുന്ന 8 ഇനം മെറിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് (2024-25) 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപ വിനിയോഗിച്ച് ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ പ്രകാരം മുൻ വർഷത്തെ അതേ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

<u>ഘടകങ്ങളും, പദ്ധതി നടത്തിപ്പും സംബന്ധിച്ച്</u>

**ഘടകം-1**–സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 2500/- രൂപ വീതം 5646 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 141.15 ലക്ഷം രൂപ.

**ഘടകം-2**-സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഹയർ സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 4000/- രൂപ വീതം 6352 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 254.08 ലക്ഷം രൂപ.

**ഘടകം-3**–സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ ടെക്നിക്കൽ/വൊക്കേഷണൽ

ഡിപ്ലോമാ/സർട്ടിഫിക്കറ്റ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 6000/- രൂപ വീതം 635 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 38.10 ലക്ഷം രൂപ.

**ഘടകം-4**—Institute of Chartered Accountants/Institute of Company Secretaries of India/ Institute of Cost Accountants of India എന്നിവയുടെ CA/CMA (ICWA)/CS പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 10,000/- രൂപ വീതം 65 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 6.5 ലക്ഷം രൂപ.

**ഘടകം-5**-സർക്കാർ/എയ്ഡഡ്/ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നോൺ-പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 6000/- രൂപ വീതം 6352 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി 381.12 ലക്ഷം രൂപയും കൂടാതെ ഇത്തരത്തിലുള്ള പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 8000/- രൂപ വീതം 2265 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 181.20 ലക്ഷം രൂപ.

**ഘടകം-6**-സർക്കാർ/എയ്ഡഡ്/ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നോൺ-പ്രൊഫഷണൽ ബിരുദന്തര ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 10,000/- രൂപ വീതം 1060 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി 106 ലക്ഷം രൂപയും കൂടാതെ ഇത്തരത്തിലുള്ള പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 16,000/- രൂപ വീതം 160 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആകെ 25.6 ലക്ഷം രൂപ.

**ഘടകം-7**-ദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദന്തര കോഴ്സുകൾക്ക് (IIT, NIT, IIM etc) സ്കോളർഷിപ്പ് ഇനത്തിൽ 50,000/- രൂപ 57 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആകെ 28.5 ലക്ഷം രൂപ.

**ഘടകം-8**-ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (Ph.D) സ്കോളർഷിപ്പ് ഇനത്തിൽ 25,0000/- രൂപ വീതം 7 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 1.75 ലക്ഷം രൂപ.

**ഘടകം-9**- പദ്ധതി നടത്തിപ്പിനായി (അടങ്കൽ തുകയുടെ 3% ) 36 ലക്ഷം രൂപ.

3. പദ്ധതി സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ
എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ് പട്ടം, തിരുവനന്തപുരം -
ആസൂത്രണസാമ്പത്തിക കാര്യ (BPE) വകുപ്പ്
ധനകാര്യ(പി.യു.സി,പ്ലാനിംഗ്) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 05-07-2024 16:00:09
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് /പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്